(ജി) ഒരു റിട്ടയേഡ് ഹൈക്കോടതി ജഡ്ജിയുടെ അദ്ധ്യക്ഷതയിൽ ഒരു ധനകാര്യ വിദഗ്ധനും സർവ്വീസ് ചട്ടങ്ങളിൽ അവഗാഹമുള്ള മറ്റൊരാളുമടങ്ങുന്ന മൂന്നംഗ കമ്മീഷനെയാണ് നിശ്ചയിച്ചത്.

(എച്ച്) ഒരു റിട്ടയേഡ് ഹൈക്കോടതി ജഡ്ജിയുടെ അദ്ധ്യക്ഷതയിൽ ഒരു ധനകാര്യ വിദഗ്ധനും സർവ്വീസ് ചട്ടങ്ങളിൽ അവഗാഹമുള്ള മറ്റൊരാളുമടങ്ങുന്ന മൂന്നംഗ കമ്മീഷനെയാണ് നിശ്ചയിച്ചത്. 31-3-2010-ലെ സ.ഉ.(കൈ)209/2010/ധന.21-1-2011-ലെ സ.ഉ.(കൈ)48/2011/ധന എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് കമ്മീഷൻ അംഗങ്ങളുടെ ശമ്പളവും മറ്റ് അലവൻസുകളും നിശ്ചയിച്ചിട്ടുണ്ട്.

9-ാം ശമ്പളക്കമ്മീഷനിലെ ഉദ്യോഗസ്ഥർ

205(1462) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം ശമ്പളക്കമ്മീഷനിൽ എത്ര ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരുമുണ്ടെന്ന് തസ്തിക, ശമ്പള സ്കെയിൽ, മാതൃവകുപ്പ് എന്നിവ തിരിച്ചുള്ള വിശദവിവരം നൽകുമോ ;

(ബി) കമ്മീഷനിൽ സർക്കാർ സ്ഥിരം ജീവനക്കാരല്ലാത്ത എത്ര ജീവനക്കാരെ നിയമിച്ചു എന്ന വിവരം, തസ്തിക, ശമ്പളസ്കെയിൽ, നിയമനരീതി എന്നിവയുൾപ്പെടെ നൽകുമോ :

(സി) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളം, ടി.എ., മറ്റ് അലവൻസുകൾ, ആനുകൂല്യങ്ങൾ എന്നിവയുൾപ്പെടെ ഇതുവരെ എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(ഡി) അതിഥി സൽക്കാരം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി എന്തുതുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 9-ാം ശമ്പളക്കമ്മീഷനിൽ വിവിധ സർക്കാർ വകുപ്പുകളിലെ 30 ഉദ്യോഗസ്ഥരെയും കരാർ വ്യവസ്ഥയിൽ 11 മറ്റു ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. തസ്തിക, ശമ്പളസ്കെയിൽ, മാതൃവകുപ്പ് എന്നിവ ഇതോടൊപ്പം അനുബന്ധം 1-ൽ കാണാവുന്നതാണ്.*

(ബി) 9-ാം ശമ്പളക്കമ്മീഷനിൽ സർക്കാർ സ്ഥിരം ജീവനക്കാരല്ലാത്ത 11 പേരിൽ 10 പേർ കരാർ വ്യവസ്ഥ പ്രകരവും ഒരാൾ ദിവസക്കൂലി അടിസ്ഥാനത്തിലും ജോലിനോക്കി വരുന്നു. തസ്തിക, ശമ്പളസ്കെയിൽ എന്നിവ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

(സി) 31-1-2011 വരെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളം, ടി.എ., മറ്റ് അലവൻസുകൾ, ആനുകൂല്യങ്ങൾ എന്നിവയുൾപ്പെടെ ആകെ 1,27,53,280 രൂപ ചെലവായിട്ടുണ്ട്.

(ഡി) 31-1-2011 വരെ അതിഥി സൽക്കാരം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ആകെ 9,56,795 രൂപ ചെലവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly